## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം.

വിഷയം:- ആ.വ.ഡ. - സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിലെ സ്പഷ്ടീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. ധനകാര്യവകുപ്പിന്റെ 20/01/2016-ലെ ജി.ഒ(പി)7/16 എന്ന ഉത്തരവ്.

2. ആരോഗ്യകുടുംബക്ഷേമവകുപ്പിന്റെ 26/04/86-ലെ ജി.ഒ(എം.എസ്)81/86 എന്ന ഉത്തരവ്.

3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 26/05/86-ലെ ഒ&എം1-40545/86 എന്ന ഉത്തരവ്.

4. ധനകാര്യവകുപ്പിന്റെ 27/11/79-ലെ ജി.ഒ.(പി)നം.1041/79(142).

**ഉത്തരവ് നം.ഒ ആന്റ് എം3-82042/2018/ആ.വ.ഡ, തീയതി: 23/10/2018.**

27800-59400 മുതൽ 40500-85000 വരെയുള്ള ശമ്പള സ്കെയിലിൽ നിയമനം നേടിയ ഉദ്യോഗസ്ഥർക്ക് രണ്ട് ഹയർ ഗ്രേഡ് മാത്രമാണ് പത്താം ശമ്പളകമ്മീഷൻ പ്രകാരം (സൂചന1) അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ രണ്ടാം ഹയർഗ്രേഡ് തസ്തികയുടെ ശമ്പള സ്കെയിൽ യഥാക്രമം 35700-75600 മുതൽ 45800-89000 വരെയാണ്. ഇക്കാരണത്താൽ രണ്ടാം ഹയർഗ്രേഡ് അനുവദിക്കേണ്ട അധികാരി ആരാണെന്ന (Competent authority) വിഷയം സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടത് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ധനകാര്യവകുപ്പിന്റെ 27/11/79-ലെ ജി.ഒ(പി)1041/79 (14 I) എന്ന ഉത്തരവിലെ (സൂചന(4)) ഖണ്ഡിക മൂന്ന് പ്രകാരം ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള അധികാരം നിയമനാധികാരിക്കാണ്. കൂടാതെ ജീവനക്കാർക്ക് ഒരു ആനുകൂല്യം അനുവദിക്കുന്നതിനുള്ള അധികാരം ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന് നല്കിയിട്ടില്ലായെങ്കിൽ ആ അധികാരം നിർവ്വഹിക്കുന്നതിനുള്ള ചുമതല നിയമനാധികാരിക്കായിരിക്കുമെന്ന് ചട്ടം 12 5(a)KSR I-ൽ അനുശാസിക്കുന്നുണ്ട്. ഈ വസ്തുതകളുടെ വെളിച്ചത്തിൽ **"ഹയർഗ്രേഡിന് അർഹത നേടുന്ന ഉദ്യോഗസ്ഥൻ ഏത് തസ്തികയിലാണോ ജോലി നോക്കുന്നത് ആ തസ്തികയുടെ നിയമനാധികാരിക്കാണ് ഹയർ ഗ്രേഡ് അനുവദിക്കാൻ അധികാരമുള്ളത് "** എന്ന സ്പഷ്ടീകരണം നൽകുന്നു. ഈ വിഷയത്തിൽ മുമ്പ് നല്കിയിട്ടുള്ള ഉത്തരവുകൾ ഇപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.സരിത ആർ.എൽ**
**ആരോഗ്യവകുപ്പ്ഡയറക്ടർ**

സ്വീകർത്താവ്:

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.

പകർപ്പ്:

1. ഈ ആഫീസിലെ എല്ലാ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗങ്ങൾക്കും
2. ഔദ്യോഗിക വെബ് സൈറ്റ്
3. ഫയൽ/കരുതൽ ഫയൽ

**അംഗീകാരത്തോടെ**

സൂപ്രണ്ട്